# വിൻഡോസ്10 -നെ കുറിച്ച് എഫ്.എസ്.എഫ്-ന്റെ പ്രസ്താവന

ബോസ്റ്റൺ, മസാച്ചുസെറ്റ്സ്, യു.എസ്.എ, 2015 ജൂലായ് 30 വ്യാഴം:

വിൻഡോസ്10-നെ അവഗണിച്ച കൊണ്ട് സ്വതന്ത്ര സോഫ്റ്റ്‌വെയർ ലോകത്തേക്ക് നമുക്ക് ചേരാം എന്ന് എല്ലാവരോടുമായി സ്വതന്ത്ര സോഫ്റ്റ്‌വെയർ ഫൗണ്ടേഷൻ ഉദ്ബോധിപ്പിക്കുന്നു. മറ്റെല്ലാ സ്വതന്ത്രേതര സോഫ്റ്റ് വെയറുകളെയും പോലെ ഉപയോക്താക്കളെ സ്വന്തം അധീനതയിൽ വച്ചുപയോഗിക്കുന്ന മാതൃകയിലാണ് വിൻഡോസ്10-ഉം രൂപപ്പെടുത്തിയിട്ടുള്ളത്. ജി.എൻ.യു /ലിനക്സ് പോലെയുള്ള സ്വതന്ത്ര സോഫ്റ്റ്‌വെയർ ഓപ്പറേറ്റിങ്ങ് സിസ്റ്റങ്ങൾ അവരുടെ ഉപയോക്താക്കളെ തുല്യരായി കാണുകയും അവരുടെ ഡിജിറ്റൽ ജീവിതത്തിന് സ്വയം നിയന്ത്രിക്കാൻ അവരെ സഹായിക്കുകയും ചെയ്യുന്നു.

വിൻഡോസിന്റെ ആന്തരിക പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നത് തടയുന്നതിനായും അതിന്റെ സോഴ്സ് കോഡ് മനസ്സിലാക്കാതിരിക്കുന്നതിനുമായി കർക്കശമായ നിയമങ്ങളാണ് മൈക്രോസോഫ്റ്റ് ഉപയോഗിച്ചുവരുന്നത്. അതു കൊണ്ട്, ലോകത്തിലെ ഏറ്റവും പ്രചാരത്തിലുള്ള കംപ്യൂട്ടർ സിസ്റ്റം അതിന്റെ ഉപയോക്താക്കളുടെ നിയന്ത്രണത്തിൽ നിന്നും തീർത്തും പുറത്താണ്. ഇത് മൈക്രോസോഫ്റ്റിനെ ഉപയോക്താക്കളുടെ മേൽ ആധിപത്യമുള്ളതാക്കുകയും അവരെ ഒരു ഉപഭോഗ വസ്തുവാക്കി മുതലെടുക്കാൻ അവർക്ക് സാധിക്കുകയും ചെയ്യുന്നു. വിൻഡോസ്10-ലൂടെ, കുറച്ച് പണം മുടക്കുന്ന ഉപയോക്താക്കളെ ഉപയോഗിച്ച് ചില ക്രമീകരണങ്ങൾ ടെസ്റ്റ് ചെയ്യാനും, പിന്നീട് ഇവ കൂടുതൽ പണം മുടക്കുന്ന ഉപയോക്താക്കൾക്ക് ലഭ്യമാക്കാനും ഉള്ള വിവേചനപരമായ രീതി തുടങ്ങുമെന്നും മൈക്രോസോഫ്റ്റ് പ്രഖ്യാപിച്ചിട്ടുണ്ട്.

വർദ്ധിച്ച ബഹുജന ശ്രദ്ധ കാരണം വിൻഡോസ് 10 എത്രമാത്രം സുരക്ഷിതമാണെന്നതിലേയ്ക്കും എത്ര നന്നായി ഇത് സ്വകാര്യതയെ സംരക്ഷിക്കുന്നുണ്ടെന്നതിലേക്കും ഉള്ള പരസ്യങ്ങൾ പ്രസിദ്ധപെടുത്താൻ മൈക്രോസോഫ്റ്റ്-നെ പ്രേരിപ്പിച്ചിരിക്കുന്നു. പക്ഷെ ആരെയാണ് ഇവർ സംരക്ഷിക്കുന്നത്? തീർച്ചയായും ഉപയോക്താക്കളെ അല്ല. വിൻഡോസ്10 സ്വതന്ത്രമല്ലാത്ത സോഫ്റ്റ്‌വെയർ ആയതുകൊണ്ട് ഉപയോക്താക്കൾക്കും സ്വതന്ത്ര സെക്യൂരിറ്റി വിദഗ്ധന്മാർക്കും സോഴ്സ് കോഡ് ലഭ്യമാകുന്നതല്ല. അതുകൊണ്ട് മൈക്രോസോഫ്റ്റ് പറയുന്ന അവരുടെ കംപ്യൂട്ടറുകൾ സുരക്ഷിതമാണെന്നും അവരുടെ ഡാറ്റകൾ ഉത്തരവാദിത്വത്തോടെ ഉപയോഗിച്ച് വരുന്നതാണെന്നുമുള്ള വാക്കുകൾസ്വീകരിക്കുവാൻ ഉപയോക്താക്കൾ നിർബന്ധിതരാകുന്നു. വിൻഡോസ് സിസ്റ്റത്തിൽ എങ്ങനെ അതിക്രമിച്ച് കടക്കുവാൻ ആകും എന്ന് അമേരിക്കൻ രഹസ്യാന്വേഷണ ഏജൻസികൾക്ക് സഹായങ്ങൾ നൽകുന്ന കമ്പനി എന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ള മൈക്രോസോഫ്റ്റിനെ വിശ്വസിക്കേണ്ട ആവശ്യകതഉണ്ടെന്നു തോന്നുന്നില്ല.

പരസ്യക്കമ്പനികൾക്ക് വിൻഡോസ്10-ന്റെ സ്വകാര്യതാ നയം വളരെ ഇഷ്ടപ്പെട്ടും എന്ന് തോന്നുന്നു, കാരണം ഉപയോക്താക്കളെ സംബന്ധിക്കുന്ന ഏതാണ്ട് എല്ലാ വിവരങ്ങളും വിൽക്കാനുള്ള അവകാശം പോലും അവർക്ക് ഇതുവഴി ലഭ്യമാകുന്നതാണ്.

ഇതിന് വിപരീതമായി, ജി.എൻ.യു/ലിനക്സ് പോലെയുള്ള സ്വതന്ത്ര സോഫ്റ്റ്‌വെയർ ഓപ്പറേറ്റിങ്ങ് സിസ്റ്റത്തെ സുതാര്യമായി പ്രവർത്തിക്കുന്ന, പരിചയ സമ്പന്നതയും സേവന സന്നദ്ധതയുമുള്ള കൂട്ടായ്മകൾ അവരുടെ പ്രവർത്തനങ്ങൾ സ്വതന്ത്രമായി പരസ്പരവും ലോകത്തിലാകമാനവും പങ്കുവച്ചു കൊണ്ട് നിർമ്മിക്കപ്പെട്ടിട്ടുള്ളതാണ്. ഉപയോക്താക്കൾക്ക് സോഫ്റ്റ്‌വെയർ നിർമ്മാണ പ്രക്രിയയിൽ അർത്ഥവത്തായ സ്വാധീനവും അവർ ഉപയോഗിക്കേണ്ട കോഡ് എന്തായിരിക്കണമെന്നതിനുള്ള പൂർണ്ണ അവകാശവുമുണ്ട്. ഇതിനർത്ഥം സോഫ്റ്റ്‌വെയർ എല്ലായ്പ്പോഴും അവർക്ക് അധീനമായിരിക്കുമെന്നതാണ്. സ്വതന്ത്ര സോഫ്റ്റ്‌വെയർ എല്ലായ്പ്പോഴും ബഹുമാനത്തോടെയാണ് അതിന്റെ ഉപയോക്താക്കളെ കാണുന്നത്.

അഥവാ ഇനി മൈക്രോസോഫ്റ്റിനെപ്പോലെ ഒരു സ്വതന്ത്ര സോഫ്റ്റ്‌വെയർ ഡെവലപ്പർ ഉപയോക്താക്കളെ അധിക്ഷേപിക്കാൻ മുതിരുകയാണെങ്കിൽ അതിനെ നിരോധിക്കുന്നതിന് യാതൊരു മാർഗ്ഗവും ഉണ്ടാകണമെന്നില്ല. എന്നാൽ ഇത് സംഭവിക്കുമ്പോൾ മറ്റ് സ്വതന്ത്ര വിദഗ്ധർ സോഴ്സ് കോഡ് പകർത്തുകയും അനാവശ്യ ഭാഗങ്ങൾ നീക്കം ചെയ്തു കൊണ്ട് ഉപയോക്താവിന്റെ അവകാശങ്ങളെ ബഹുമാനിക്കുന്ന ഒരു പുതിയ പതിപ്പ് ഉണ്ടാക്കുകയും ആണു സംഭവിക്കുക.

അടിസ്ഥാനപരമായി സുരക്ഷിതമല്ലാത്തതും സ്വകാര്യതയ്ക്ക് യാതൊരു പരിഗണനയും നൽകാത്തതുമായ വിൻഡോസ് നിങ്ങളുടെ എല്ലാ സ്വകാര്യ വിവരങ്ങളും പരസ്യപ്പെടുത്ത്താനുള്ള സാധ്യത വളരെ കൂടുതലാണ്. ഉപയോക്താക്കളെയും സ്വതന്ത്ര വിദഗ്ധന്മാരെയും നിർമ്മാണപ്രക്രിയയിൽ നിന്നും അകറ്റി നിർത്തിയിരിക്കുന്നു എന്നതാണ് ഇതിന് പ്രധാന കാരണം. അതേസമയം നിങ്ങളുടെ കംപ്യൂട്ടറിനെ ഇത് അടഞ്ഞ മുറിയായ് മാറ്റുന്നു--താക്കോൽ മൈക്രോസോഫ്റ്റിന്റെ കയ്യിൽ മാത്രമാണ്. നിങ്ങളുടെ ഓപ്പറേറ്റിങ്ങ് സിസ്റ്റം വിൻഡോസ്10-ലേക്ക് മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതിനുപകരം ജി.എൻ.യു/ലിനക്സിലേക്ക് മാറണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. ആയിരക്കണക്കിനുള്ള മറ്റുള്ളവരോട് ചേർന്നുകൊണ്ട് ഇന്നു തന്നെ ജി.എൻ.യു /ലിനക്സ് പരീക്ഷിക്കുമെന്ന് പ്രതിജ്ഞ എടുക്കുക.

അംഗീകൃതമായ ജി.എൻ.യു/ലിനക്സ് പതിപ്പുകളുടെ ഒരു പട്ടിക എഫ്. എസ്.എഫ് പ്രസിദ്ധീകരിച്ചിട്ടുള്ളതും, തുടക്കം കുറിക്കുന്നതിനായി ധാരാളം ഓൺലൈൻ വിഭവങ്ങൾ നിലവിലുള്ളതുമാണ്. സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിക്കാൻ നിങ്ങൾ സന്നദ്ധമാണ് പക്ഷേ വിൻഡോസിൽ നിന്ന് തൽക്കാലം വിട്ടുമാറുവാൻ പറ്റാതെയുള്ള സാഹചര്യത്തിൽ ആണെങ്കിൽ, വിൻഡോസിൽ നിന്നുകൊണ്ടുതന്നെപ്രവർത്തിക്കുന്നസ്വതന്ത്ര സോഫ്റ്റ് വെയറുകളെ പരീക്ഷിക്കാവുന്നതാണ്. ഒരു പുതിയ കംപ്യൂട്ടർ വാങ്ങിക്കുവാൻ നിങ്ങൾ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ഞങ്ങളുടെ ''റെസ്പെക്റ്റ്സ് യുവർ ഫ്രീഡം പ്രോഗ്രാം'' - ലൂടെ സാക്ഷ്യപ്പെടുത്തിയ ലാപ്പ്ടോപ്പുകളെ പരിഗണിക്കാവുന്നതാണ്. നിങ്ങൾ സ്വന്തമായി കംപ്യൂട്ടർ നിർമ്മിക്കുന്ന ഒരാളാണെങ്കിൽ, സ്വതന്ത്ര സോഫ്റ്റ് വെയറിൽ നന്നായി പ്രവർത്തിക്കുന്ന, സ്വതന്ത്ര സോഫ്റ്റ്‌വെയർ സമൂഹം നിലനിർത്തിവരുന്ന കംപ്യൂട്ടർ ഭാഗങ്ങളുടെ പട്ടികയായ "എച്ച്-നോഡ്" ഉപയോഗിക്കുക.

നമുക്ക് മൈക്രോസോഫ്റ്റിന്റെ അതിവിപുലമായ പരസ്യ ബജറ്റിനോട് കിടപിടിക്കാൻ കഴിയില്ലായിരിക്കാം, പക്ഷെ താങ്കൾ സോഷ്യൽ മീഡിയയിലുള്ള(ഉപയോക്താക്കളെ മാനിക്കുന്ന സോഷ്യൽ മീഡിയാ സിസ്റ്റങ്ങൾക്കായി ഞങ്ങളുടെ നിദ്ദേശങ്ങൾ കാണുക) ആളാണെങ്കിൽ സ്വന്തം വാക്കുകൾ കൊണ്ടുതന്നെ വിൻഡോസിന്റെ അധിക്ഷേപങ്ങൾക്കെതിരെ ബോധവത്ക്കരണം നടത്തുകയും ജനങ്ങളെ മാറ്റത്തിന് പ്രോത്സാഹിപ്പിക്കുകയും ചെയ്യാവുന്നതാണ്. ഇതിനായി മൈക്രോസോഫ്റ്റിന്റെ പരിഹാസ്യമായ #UpgradeYourWorld എന്ന ഹാഷ് ടാഗ് ഏറ്റെടുത്ത് നിങ്ങളുടെ പോസ്റ്റുകളിൽ ഇത് ഉൾപ്പെടുത്തിക്കൊണ്ട് വിൻഡോസിനെ ഒഴിവാക്കാൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഞങ്ങളെ സഹായിക്കുക.

മീഡിയ ബന്ധങ്ങൾ :

സാക്ക് റോഗോഫ്(Zak Rogoff)
കാംപെയിൻസ് മാനേജർ
സ്വതന്ത്ര സോഫ്റ്റ്‌വെയർ ഫൗണ്ടേഷൻ
+1(617) 542 5942
campaigns@fsf.org